**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - തൃശ്ശൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പണി തീർന്ന കെട്ടിടങ്ങളുടെ വാല്യവേഷൻ നടത്തുന്നതിന് അനുമതി നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

**സ.ഉ.(സാധാ) നം.519/2018/സഹ.** തീയതി,തിരുവനന്തപുരം, 18/08/2018

---

പരാമർശം:- 1 27.02.2018 ലെ TDLCCS/239/2017-18 നമ്പരിലുള്ള തൃശ്ശൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ നിവേദനം

2 30.06.2018 ലെ RCS/4896/2018-MT (I) നമ്പരിലുള്ള സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ട്

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റി , ടി സംഘത്തിന് സഹകരണ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ വാല്യൂവേഷൻ തയ്യാറാക്കുന്നതിനുള്ള അനുമതി നിലവിലുള്ള നിയമാവലി പ്രകാരം (നിബന്ധന - 5, ഉദ്ദേശ്യങ്ങൾ, ഉപനിബന്ധന - 14 ) തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറിൽ നിന്നും ലഭിച്ചിട്ടുള്ളതിനാൽ 2.2.2018 ൽ ഭരണ സമിതി ചേർന്ന് 7-ാം നമ്പരായി തീരുമാനം കൈക്കൊണ്ട് സംസ്ഥാനമൊട്ടാകെ പണിതീർന്ന കെട്ടിടങ്ങളുടെയും മറ്റ് നിർമ്മാണ പ്രവൃത്തികളുടെയും വാല്യൂവേഷൻ സാങ്കേതിക വിദഗ്ധരെക്കൊണ്ട് തയ്യാറാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നതിനു വേണ്ടി വ്യവസ്ഥ 5 (14) പ്രകാരം അനുമതിയ്ക്കായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

തൃശ്ശൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ആർ. 1389 ന് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ പണി തീർന്ന കെട്ടിടങ്ങളുടെ വാല്യൂവേഷൻ നടത്തുന്നതിന്, അതിനാവശ്യമായ സാങ്കേതിക വിദഗ്ദർ സംഘത്തിന് ലഭ്യമായിട്ടുള്ളതുമായ സാഹചര്യത്തിൽ അനുമതി നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയും സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് കേരളസംസ്ഥാനത്തിനകത്തുള്ള പണി തീർന്ന

**File No. Co-Op-PS2/179/2018-Co-Op**

കെട്ടിടങ്ങളും മറ്റ് നിർമ്മാണ പ്രവൃത്തികളും പരിശോധിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി കെ ഗോപകുമാർ
അണ്ടർ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. സെക്രട്ടറി, തൃശ്ശൂർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം ആർ.1389, ഡോർ നം.9/442, കോഞ്ചേരി റോഡിന് സമീപം, എം.ജി. കാവ് പോസ്റ്റ്, തിരൂർ, തൃശ്ശൂർ - 680581
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (Agri-C1/135/2018-FIN- 902637പ്രകാരം)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ